# ജി.എച്ച്.എസ്.എസ്
# കുമരനെല്ലൂർ



റവന്യൂ ജില്ല

**പാലക്കാട്**

ഉപ ജില്ല

**തൃത്താല**

ഹെഡ്മിസ്ട്രസ്

**ഷെർലി. കെ.വി**

പി.ടി.എ. പ്രസിഡന്റ്

**ബാലകൃഷ്ണൻ. കെ. വി**

എം.പി.ടി.എ. പ്രസിഡന്റ്

**ഷാജിറ. പി**

# ആമുഖം

ലിറ്റിൽ കൈറ്റ് കുട്ടികളുടെ "ഡിജിറ്റൽ മാഗസിൻ" എന്ന അസൈൻമെന്റിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള ഒരു മാഗസിൻ, ഉണ്ടാക്കുന്നതിനുള്ള ഒരു പ്രചോദനം. ഒരു മാഗസിൻ ചെയ്യുന്നെങ്കിൽ അത് വളരെ നല്ല രീതിയിൽ തന്നെ വേണമെന്ന കുമരനെല്ലൂർ ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ ആഗ്രഹ പ്രകാരം കൈറ്റ് കുട്ടികളുടെ ഭാഗത്തു നിന്നും എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കുകയുണ്ടായി. ആ കുട്ടികളുടെ മേൽനോട്ടത്തിൽ സ്കൂളിലെ ഒട്ടുമിക്ക ക്ലാസ്സുകളിലെയും കുട്ടികളിൽ നിന്നും പല തരത്തിലുള്ള കലാസൃഷ്ടികളും ശേഖരിക്കുകയുണ്ടായി.

ഇത്തരത്തിൽ ശേഖരിച്ച രചനകൾ ലിറ്റിൽ കൈറ്റ് കുട്ടികൾ തന്നെ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുകയും ചെയ്തു. എട്ടു, ഒൻപത് ക്ലാസ്സുകളിലെ ലിറ്റിൽകൈറ്റ് കുട്ടികളാണ് ഇത് തയ്യാറാക്കുന്നതിൽ മുൻകയ്യെടുത്തിട്ടുള്ളത്. ടൈപ്പ് ചെയ്ത ഫയലുകളെല്ലാം ഒന്നിച്ചാക്കിയാണ് ഈ മാഗസിൻ ഞങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

ഇത് തയ്യാറാക്കുന്നതിനായി Scribus എന്ന സോഫ്റ്റ്‌വെയറാണ് ഉപയോഗിച്ചിരിക്കുന്നത്. Libre Office Writer എന്ന സോഫ്റ്റ് വെയറിലാണ് രചനകൾ ടൈപ്പ് ചെയ്തിരിക്കുന്നത്. മാഗസിൻ പൂർണമായ രീതിയിൽ വിജയകരമല്ല. എന്നിരുന്നാലും വളരെ കുറഞ്ഞ സമയം കൊണ്ടാണ് ഈ മാഗസിൻ പൂർത്തീകരിച്ചിരിക്കുന്നത്. വരും വർഷങ്ങളിൽ കുറച്ചു കൂടി നല്ല രീതിയിൽ മാഗസിൻ തയ്യാറാക്കാൻ കഴിയുമെന്ന ആത്മവിശ്വാസത്തോടു കൂടി എല്ലാ സഹപ്രവർത്തകർക്കും കുട്ടികൾക്കുമായി 2023-24 വർഷത്തെ ഈ മാഗസിൻ ഞങ്ങൾ സമർഷിക്കുന്നു.

ആശംസകളോടെ,

മഞ്ജു. ജെ & സ്മിത. കെ.ആർ

ലിറ്റിൽകൈറ്റ് മിസ്ട്രസസ്സ്
ജി.എച്ച്.എസ്.എസ്. കുമരനെല്ലൂർ

# ആശംസകൾ



ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ കുമരനെല്ലൂർ ഗവൺമെന്റ് ഹൈസ്കൂൾ കുട്ടികൾ ഒരു മാഗസിൻ നിർമ്മിക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. വിവര സാങ്കേതിക രംഗത്ത് നമ്മുടെ കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ ഈ മാഗസിൻ സഹായകമാകുമെന്നതിൽ സംശയമില്ല. ഈ മാഗസിൻ പൂർത്തീകരണത്തിനായി എല്ലാവിധ ആശംസകളും നേരുന്നു.

ഷെർലി. കെ.വി
HM, ജി.എച്ച്.എസ്.എസ്. കുമരനെല്ലൂർ

# ആശംസകൾ



നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിയുന്നതിൽ വളരെ സന്തോഷം.

നമ്മുടെ കുഞ്ഞുങ്ങളുടെ സർഗ്ഗാത്മക ഭാവനകൾ വെളിച്ചം കാണാൻ കഴിയുന്ന വിധത്തിൽ കരുത്തുറ്റ ചിറകായി മാറാൻ ഈ അക്ഷരോപഹാരത്തിന് തീർച്ചയായും കഴിയും.

കുട്ടികളുടെ ഓർമ്മച്ചെപ്പിലെന്നും സൂക്ഷിക്കാനും ഓർമ്മിക്കാനും കഴിയുന്ന വിധത്തിൽ സ്വപ്ന ദർശികളായവർക്ക് സഞ്ചരിക്കാൻ വേറിട്ട വഴികൾ വെട്ടിക്കൊടുക്കുന്ന ഇത്തരം സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ആശംസകൾ.

വാക്കും വരയും കൊണ്ട് ഇത് സമ്പന്നമാക്കിയവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

**ശ്രീജ ടീച്ചർ**

# ആശംസകൾ

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റിലെ അംഗങ്ങളായ കൊച്ചു കൂട്ടുകാർ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞപ്പോൾ വളരെ സന്തോഷം തോന്നി. ഡിജിറ്റൽ യുഗത്തിലൂടെ അതിവേഗം മുന്നേറുന്ന കുട്ടികൾക്ക് എന്നും പ്രചോദനമാണ് ലിറ്റിൽ കൈറ്റ്. മാഗസിൻ തയ്യാറാക്കിയ കുട്ടികൾക്കും അതിനു വേണ്ടി ഒപ്പം നിന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ അദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ നേരുന്നു.

**അബ്ദുൽ ജലീൽ**
**സീനിയർ അസിസ്റ്റന്റ്**
**ജി.എച്ച്.എസ്.എസ്. കമരനെല്ലൂർ**

# വിദ്യാലയചരിത്രം

അജ്ഞാനാന്ധകാരത്തിൽ മുങ്ങിക്കിടന്ന കുമരനെല്ലൂരിന്റെ ചരിത്രത്തിൽ അറിവിന്റെ ആദ്യനാളം തെളിയുന്നത് 1884 ലാണ്. കുമരനെല്ലൂരിന്റെ അറിവിന്റെ പാതയിലേക്കുള്ള പ്രയാണത്തിന് തുടക്കം കുറിച്ചത് അഭിവന്ദ്യനായ ശ്രീമാൻ കുണ്ടക്കുളങ്ങര പുളിയശ്ശേരി ചാപ്പൻ നായരാണ്. കേരള വിദ്യാശാല എന്ന പേരിൽ 1884-ൽ ഈ നാടിന്റെ മണ്ണിൽ ഒരു വിദ്യാലയത്തിന് തുടക്കം കുറിച്ചത് അദ്ദേഹമാണ്. ആ വിദ്യാലയം 1923-ൽ ഹയർ എലിമെന്ററി സ്കൂളായി ഉയർത്തപ്പെട്ടു. 150 കുട്ടികളുമായി തുടങ്ങിയ ഈ വിദ്യാലയത്തിൽ 1924-ൽ ശ്രീ. കെ. ഗോപാലൻ മേനോൻ ഹെഡ്മാസ്റ്ററായി. സ്കൂളിന്റെ അഭ്യുദയ-കാംക്ഷികളായി പ്രവർത്തിച്ച പുതിയ വീട്ടിൽ ഗോവിന്ദമേനോൻ, ഡോ. രാമൻ മേനോൻ, കെ.പി. കൃഷ്ണമേനോൻ, സുന്ദരയ്യർ, പി.എം. അച്യുതമേനോൻ എന്നിവരുടെ അത്യദ്ധ്വാനം സ്കൂളിന്റെ ത്വരിത വളർച്ചയെ സഹായിച്ചു.

1929 ജൂലായ് രണ്ടിന് ഇതൊരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു. പടിഞ്ഞാറപ്പാട്ട് ശങ്കുണ്ണി നമ്പ്യാർ, എൻ.വി. ശേഖരവാര്യർ, എൻ.പി.നാരായണമേനോൻ, ആനക്കര വടക്കത്ത് റാവു ബഹദൂർ ഗോവിന്ദമേനോൻ, കെ. കൃഷ്ണൻ നായർ തുടങ്ങിയ പ്രഗത്ഭമതികളുടെ നിസ്തുല സേവനം വിദ്യാലയത്തെ ഉന്നതിയിലേക്ക് നയിച്ചു. ഹൈസ്കൂളിലെപ്രഥമപ്രധാനാദ്ധ്യാപക നായിരുന്ന ശ്രീ.എം.എ. സുന്ദരയ്യരുടെ ഒരു വ്യാഴവട്ടക്കാലത്തെ സ്തുത്യർഹമായ സേവനം സ്കൂളിന്റെ അടിത്തറ ഭദ്രമാക്കി. ബ്രഹ്മശ്രീ അക്കിത്തത്ത് മനയ്ക്കൽ രാമൻ സോമയാജിപ്പാട് നൽകിയ ചുരുങ്ങിയ സ്ഥലത്താണ് സ്കൂൾ ആദ്യകാലത്ത് പ്രവർത്തിച്ചു വന്നത്.

സുന്ദരയ്യർക്കു ശേഷം ഹെഡ്മാസ്റ്റർമാരായി വന്ന ശ്രീമാൻമാർ കെ.പി. നാരായണയ്യർ, ശങ്കര നാരായണയ്യർ തുടങ്ങിയ ഉത്ക്കർഷേച്ഛുക്കൾ സ്കൂളിന്റെ സർവ്വതോമുഖമായ വികസനത്തിന വേണ്ടി പ്രയത്നിച്ചു. 1954-ൽ അന്നത്തെ ഹെഡ്മാസ്റ്റർ ശ്രീ. പി.വി. വാസുനായരുടെ നേതൃത്വത്തിൽ സിൽവർ ജൂബിലി വിപുലമായി ആഘോഷിച്ചു. ആ കാലത്തു തന്നെ കേരള ചിത്രകലാപരിഷത്തും ഈ മണ്ണിൽ പിറവിയെടുത്തു.

ഇന്ന് (2022) 138-ാം പിറന്നാളാഘോഷിക്കാൻ തയ്യാറെടുക്കുന്ന ഈ വിദ്യാലയം പിൽക്കാലത്തു വന്ന പുരോഗമനേച്ഛുക്കളായ അദ്ധ്യാപകരുടെ നേതൃത്വത്തിൻ കീഴിൽ അസൂയാവഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. കുമരനെല്ലൂരിന പുറമെ എടപ്പാൾ, കൂടല്ലൂർ, തൃത്താല, ചാലിശ്ശേരി തുടങ്ങി വിദൂര ദേശങ്ങളിൽ നിന്നു പോലും വിദ്യാർത്ഥികൾ അറിവിന്റെ വെളിച്ചം തേടി കുമരനെല്ലൂരെത്തി.

# പൊതുവായ ലക്ഷ്യങ്ങൾ

സബ്ജില്ലയിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയങ്ങളിൽ ഒന്നാണ് കുമരനെല്ലൂർ ഗവ. ഹൈസ്കൂൾ. കലാകായിക അക്കാദമിക രംഗങ്ങളിൽ സ്വന്തം വ്യക്തി മുദ്ര പതിപ്പിച്ച വിദ്യാലയവുമാണ് നമ്മുടേത്. പരിസര പ്രദേശങ്ങളിലെ സാധാരണക്കാരുടെ മക്കളാണ് ഈ സ്കൂളിലെ പഠിതാക്കളിൽ ബഹുഭൂരിപക്ഷവും. അതുകൊണ്ടു തന്നെ ഈ വിദ്യാലയം തലയുയർത്തി നിൽക്കേണ്ടത് ഈ നാടിന്റെ ആവശ്യമാണ്. സമീപകാലം വരേയും പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ മികവു പുലർത്താനും വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. വർത്തമാനകാലത്ത് ചില പോരായ്മകൾ പ്രകടമായിട്ടുണ്ട്. വിദ്യാർത്ഥികളുടെ സാമൂഹിക പിന്നോക്കാവസ്ഥ, പഠനത്തിൽ താൽപര്യക്കുറവ് പ്രത്യേകിച്ചും ആൺകുട്ടികളിൽ, സാമൂഹിക മാധ്യമങ്ങളുടെ അതിപ്രസരം, പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ എന്നിവയാണ് ഇന്നത്തെ പിന്നോക്കാവസ്ഥയ്ക്ക് കാരണം. മഹാമനീഷികളായ എഴുത്തുകാരേയും ശാസ്ത്രജ്ഞരേയും നിയമവിദഗ്ധരേയും രാജ്യതന്ത്രജ്ഞരേയുമൊക്കെ നാടിന് സംഭാവന ചെയ്ത ഈ വിദ്യാലയത്തിൽ നിന്ന് പുതിയ തലമുറയിൽ അത്തരം പ്രതിഭകളെ കണ്ടെത്താൻ കഴിഞ്ഞ കുറേ വർഷങ്ങളായി സാധിച്ചിട്ടില്ല. കായിക മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ വിദ്യാലയത്തിന് സാധിക്കുന്നുണ്ട്. വിദേശ ക്ലബ്ബുകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ വരെ ഇവിടെ ഉണ്ടായിട്ടുണ്ട്. എന്നാൽ കലാമേളയിലും മറ്റും ആഗ്രഹിക്കുന്ന തരത്തിലുള്ള നേട്ടം കൈവരിക്കാൻ കുറച്ചു കാലമായി സാധിക്കുന്നില്ല. എസ്.എസ്.എൽ.സി പരീക്ഷയിൽ 90% നത്തിനു മുകളിൽ തന്നെയാണ് റിസൽട്ടെങ്കിലും എല്ലാ കുട്ടികളേയും വിജയിപ്പിക്കുന്ന അവസ്ഥയിലേക്കെത്താൻ ഇതുവരേയും കഴിഞ്ഞിട്ടില്ല. താരതമ്യേന മികച്ച ഒരു ലൈബ്രറി വിദ്യാലയത്തിലുണ്ട്. എല്ലാ ക്ലാസ്സുകളിലേയും കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യുന്നുമുണ്ട്. എങ്കിലും വായനയിലും എഴുത്തിലുമൊക്കെ സവിശേഷ താല്പര്യം പ്രകടിപ്പിക്കുന്ന കുട്ടികൾ തീരെ കുറവായി കാണുന്നു. കലോത്സവത്തിൽ, അറബികലോത്സത്തിലും കാവ്യകേളിയിലും മറ്റും സംസ്ഥാന തലത്തിൽ മത്സരിക്കാറുണ്ടെങ്കിലും മറ്റിനങ്ങളിൽ സംസ്ഥാനതലത്തിലേക്കുയർന്നു വരുന്ന കലാപ്രതിഭകൾ തീരെയില്ല എന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ സമഗ്രമായ പ്രവർത്തന പദ്ധതികൾക്കാണ് ഇവിടെ രൂപം നൽകിയിട്ടുള്ളത്.

സ്കൂളിലെ മുഴുവൻ

വിദ്യാർത്ഥികളേയും ലൈബ്രറിയിലെത്തിക്കുന്ന തരത്തിൽ സ്കൂൾ ലൈബ്രറിയെ നവീകരിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. എല്ലാ കുട്ടികൾക്കും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന കെട്ടിടത്തിലേക്ക് ലൈബ്രറി മാറ്റി സ്ഥാപിച്ചു. ആവശ്യമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ കഴിയും വിധത്തിൽ മുഴുവൻ പുസ്തകങ്ങളും വർഗ്ഗീകരിച്ചു. കുട്ടികൾക്ക് അംഗത്വകാർഡ് വിതരണം ചെയ്തു കഴിഞ്ഞു. ഇതിന്റെയെല്ലാം ഫലമായി കൂടുതൽ കുട്ടികൾ ലൈബ്രറിയിലേക്ക് വന്നു തുടങ്ങിയിട്ടുണ്ട്. പത്രമാസികയും ആനുകാലികങ്ങളും വായിക്കുന്നതിനായി ഒരു വായനാമുറി സ്കൂളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒഴിഞ്ഞു കിടക്കുന്ന ഒരു ക്ലാസ് മുറിയാണ് വായനാ മുറിയായി ഇപ്പോൾ ഉപയോഗിച്ചു വരുന്നത്. കൂടുതൽ സ്ഥലസൗകര്യമുള്ള കെട്ടിടത്തിലേക്ക് വായനാമുറിയെ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. മലയാളത്തിലും മറ്റു ഭാഷകളിലുമുള്ള പരമാവധി പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കാൻ സാധിക്കണം. വായനയും ചർച്ചകളും സ്വന്തം രചനകളുടെ അവതരണങ്ങളുമൊക്കെയായി കൂടുതൽ സാർത്ഥകവും സർഗാത്മകവുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും കഴിയേണ്ടതുണ്ട്. അതുവഴി രചനാ മത്സരങ്ങളിൽ വിദ്യാർത്ഥികളെ ജില്ലാ-സംസ്ഥാന തലങ്ങളിലേക്ക് എത്തിക്കാനും സാധിക്കണം.

# പൂർവ്വ വിദ്യാർത്ഥികൾ



സാഹിത്യ സാംസ്കാരിക ഭരണ തന്ത്രമേഖലകളിൽ അത്യുന്നത സോപാനങ്ങളിൽ വിരാജിക്കുന്ന മക്കളെ കൊണ്ട് സമ്പന്നമാണ് ഈ വിദ്യാലയം. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും ഈ വിദ്യാലയം നൽകിയ സംഭാവനകൾ മലയാള സാഹിത്യ തറവാട്ടിൽ ഈ സ്കൂളിന് അദ്വിതീയ സ്ഥാനം നൽകുന്നു. മലയാളത്തിന്റെ പ്രിയ മഹാകവി, ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസകാരൻ ശ്രീ. മഹാകവി അക്കിത്തം അക്ഷരമധുരം നുകർന്ന് ഈ വിദ്യാലയത്തിൽ നിന്നാണ് എന്ന കാര്യം ഇവിടത്തെ ഓരോ തലമുറയും അഭിമാനത്തോടെ സ്മരിക്കുന്നു. മലയാള സാഹിത്യത്തിലെ പെരുന്തച്ചൻ ശ്രീ. എം.ടി. വാസുദേവൻ നായരും ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ്. ഭാരതീയ പാരമ്പര്യത്തിന്റേയും ഇന്ത്യൻ ഫിലോസഫിയുടേയും ആന്തരിക ചൈതന്യം ആധുനിക ചിത്രകലയുമായി ഇണക്കിച്ചേർത്ത ലോകപ്രശസ്ത ചിത്രകാരൻ ശ്രീ. അക്കിത്തം നാരായണൻ

അക്ഷരവെളിച്ചം നേടിയതും ഈ സ്കൂളിലാണ്.

സാഹിത്യ അക്കാദമി അവാർഡു നേടിയ ശ്രീ. പി. സുരേന്ദ്രനും പി.പി. രാമചന്ദ്രനും രാമകൃഷ്ണൻ



കുമരനെല്ലൂരുമൊക്കെ ഈ കലാലയ മലയാള സാഹിത്യത്തിന് സംഭാവന ചെയ്ത എഴുത്തുകാരിലെ അവസാന കണ്ണികളാണ്.

ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് പ്രഗത്ഭരായ ഒട്ടേറെ ഉദ്യോഗസ്ഥരെ സമ്മാനിക്കാനും ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ രാജ്യരക്ഷാവകുപ്പിൻെറ സെക്രട്ടറി പദം വരെ അലങ്കരിച്ച ശ്രീ. കെ.പി. അച്യുതമേനോൻ 1943-ൽ ഈ സ്കൂളിൽ നിന്നും എസ്.എസ്.എൽ.സി പാസ്സായ മഹത് വ്യക്തിയാണ്. 1944ലെ എസ്.എസ്.എൽ.സി ബാച്ചിൽ വിദ്യാർത്ഥിയായിരുന്ന ശ്രീ. ഒ.പി.ആർ. മേനോൻ ഐ.എ.എസ് പാലക്കാട് ഡെപ്യൂട്ടി കളക്ടർ, കേരള പ്ലാനിംഗ് വിഭാഗത്തിൽ ഡെപ്യൂട്ടി സെക്രട്ടറി തുടങ്ങി ഉയർന്ന ഔദ്യോഗിക പദവികൾ വഹിച്ച വ്യക്തിയാണ്. ആർ.ഐ.എ.എഫിൽ കമ്മീഷൻസ് ഓഫീസർ ആയി രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത ശ്രീ. വി.കെ. കരുണാകരമേനോനും ഈ വിദ്യാലയത്തിൻെറ മിടുക്കനായ സന്തതിയാണ്. ശാസ്ത്രരംഗത്തും കുമരനെല്ലൂർ സ്കൂളിൻെറ ഭാഗധേയം ഉറപ്പിക്കാൻ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടുണ്ട്. മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബോട്ടണിയിൽ പി.എച്ച്.ഡി എടുത്ത ശ്രീ. അഹമ്മദ് ബാവപ്പ മികച്ച കാർഷിക ശാസ്ത്രജ്ഞനാണ്.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട നിരവധി മേഖലകളിൽ അദ്ദേഹം ഉയർന്ന സ്ഥാനം വഹിച്ചിട്ടുണ്ട്. UNDP/FAO പ്രോജക്ടിൽ UN Expert, Plantation Corporation ൽ ഡയറക്ടർ തുടങ്ങി ഉയർന്ന ഒട്ടേറെ പദവികൾ അദ്ദേഹം അലങ്കരിച്ചു. തുമ്പയിലെ വിക്രം സാരാഭായ് സ്പേസ് സെൻററിൽ എഞ്ചിനീയറും BSLB3 റോക്കറ്റിൻെറ ശില്പികളിൽ ഒരാളുമായിരുന്ന ശ്രീ. എം.കെ. അബ്ദുൽ മജീദ്, പ്രഗത്ഭ ഭാഷാ ശാസ്ത്രജ്ഞനും ആധുനിക ഭാഷാശാസ്ത്രത്തിന്റെ കർത്താവുമായ ശ്രീ. പ്രഭാകര വാര്യർ, ഡോ. ടി.എം. ഭാസ്കരൻ നമ്പ്യാർ, ഡോ. എസ്.കെ. പിഷാരടി, ജുഡീഷ്യൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. നാരായണൻനമ്പീശൻ, അഡ്വക്കേറ്റായിരുന്ന പി.സി. ബാലകൃഷ്ണമേനോൻ തുടങ്ങിയവരും ഈ വിദ്യാലയത്തിൻെറ സന്തതികളാണ്. ഹൈക്കോടതി ചീഫ്ജസ്റ്റിസായി വിരമിച്ച ജസ്റ്റിസ് കെ.ടി. ശങ്കരനും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥിയാണ്. ഇങ്ങനെ

പ്രഗത്ഭരായ ഒട്ടേറെ മക്കൾക്ക് ജന്മം നൽകാൻ കഴിഞ്ഞ ഈ വിദ്യാലയം കേരളത്തിലെ വിദ്യാലയങ്ങളിൽ പ്രഥമ സ്ഥാനം തന്നെ അർഹിക്കുന്നു.

ഐ.ടി. ഒളിമ്പ്യാഡിലേക്ക് ആദ്യമായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നിർമൽ മനോജ് രണ്ടാം തവണയും ഐ.ടി. ഒളിമ്പ്യാഡിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.കുമരനെല്ലൂർ സമൂഹത്തിന് നൽകുന്ന മികച്ച പ്രതിഭയായിരിക്കും നിർമൽ മനോജ്.

കുമരനെല്ലൂർ സമൂഹത്തിന് നൽകുന്ന മികച്ച പ്രതിഭയായിരിക്കും നിർമൽ മനോജ്.

# ചരിത്ര വിജയം

ചരിത്രത്തിലാദ്യമായി 2022-23 വർഷത്തിൽ നമ്മുടെ സ്കൂളും SSLC പരീക്ഷയിൽ 100% വിജയം കൈവരിക്കുകയുണ്ടായി. അതിനു വേണ്ടി നമ്മുടെ നമ്മുടെ സ്കൂളിലെ മുൻ ഹെഡ്മിസ്ട്രസ് ആയിരുന്ന സുനിത ടീച്ചറുടെ നേതൃത്വത്തിൽ ഒരു കൂട്ടായ പ്രവർത്തനം നടന്നു. അതിന്റെ ഫലമായിട്ടാണ് നമുക്ക് ഈ വിജയം കൈവരിക്കാൻ കഴിഞ്ഞത്

# പ്രതീക്ഷ
(ചെറുകഥ)

സിയ ഫാത്തിമ (10 D)

ആശുപത്രിയുടെ മനം മടുപ്പിക്കുന്ന ഗന്ധത്താൽ വീർപ്പു മുട്ടിയ അവൾ കണ്ണുകൾ വലിച്ചു തുറന്നു. എഴുന്നേൽക്കാനായി ശ്രമിച്ചെങ്കിലും ആ ശ്രമം വിഫലമായി. ദേഹം മുഴുവനുമുള്ള അസംഖ്യമായ വേദന കടിച്ചമർത്തിക്കൊണ്ടവൾ ചുറ്റിനും നോക്കി. ആ മുറിയിൽ ആരെയും കണ്ടില്ല. പെട്ടെന്ന് ഡോർ തുറന്ന് ഒരു നഴ്സ് വന്നു. അവളുടെ കണ്ണുകൾ വികസിച്ചു. രണ്ടു പേരും പരസ്പരം പുഞ്ചിരിച്ചു. അവളുടെ ആവശ്യം മനസ്സിലായെന്ന പോലെ നഴ്സ് അവളെ മെല്ലെ എഴുന്നേൽപ്പിച്ചിരുത്തി. അവൾ ജനാലയിലൂടെ പുറത്തേക്ക് നോക്കി. ഒരിളം കാറ്റ് അവളെ തഴുകി കടന്നു പോയി.

ഒരു വാഹനാപകടം സംഭവിച്ച് നാല് ദിവസം മുൻപാണ് അവളെ ആശുപത്രിയിലേക്കെത്തിച്ചത്. വളരെ ഗുരുതരമായി പരിക്കേറ്റിരുന്നു. മരണം അവളെ പുൽകാനായി വന്നതായിരുന്നു. എന്നാൽ വിധി അവളെ തടഞ്ഞു. 'നിനക്കുള്ള സമയം ആയിട്ടില്ല' എന്ന് പറഞ്ഞ് അവളെ തിരിച്ചയച്ചു. ഇപ്പോൾ അത്യാസന്ന നിലയിൽ നിന്നും മോചിതയായി എങ്കിലും വലിയ പരിക്കുകളോടെ സ്വന്തമായി എഴുന്നേൽക്കാൻ പോലുമാകാതെ കിടക്കുകയാണവൾ. എന്നാലും എല്ലാ ദിവസവും കുറച്ച് സമയമെങ്കിലും ജനലരികിലിരുന്നു പുറത്തേക്ക് പ്രതീക്ഷയോടെ നോക്കിയിരിക്കുമായിരുന്നവൾ. അപ്പോഴും അവളുടെ അധരങ്ങളിൽ ഒരു നേർത്ത പുഞ്ചിരിയുണ്ടാകും.

പതിയെ ഓരോ ചുവടുകളായി വെച്ച് അവൾ നടന്നു തുടങ്ങി. ഇപ്പോൾ സ്വന്തമായി എഴുന്നേൽക്കാനും ഒരാളുടെ സഹായത്തോടെ നടക്കാനും അവൾക്ക് കഴിയും. ഇത്ര പെട്ടെന്ന് അവൾ നടക്കാൻ തുടങ്ങുമെന്ന് ഡോക്ടർ പോലും വിചാരിച്ചിരുന്നില്ല. അദ്ദേഹം അവളുടെ ആത്മവിശ്വാസത്തെ പ്രശംസിച്ചു. അവൾ ആശുപത്രയിലുള്ള ഒരു പൂന്തോട്ടത്തിലിരുന്നു. വിരിഞ്ഞു നിൽക്കുന്ന വാടാർ മല്ലികളിൽ അവൾ മെല്ലെ തഴുകി. പറക്കാൻ വെമ്പുന്ന ഹൃദയത്തോടെ പറന്നുയരുന്ന പക്ഷികളെ നോക്കി അവളിരുന്നു. ഒരു നല്ല നാളേക്കായി........ പ്രതീക്ഷയോടെ....

******

# പൂച്ചകളും കുരങ്ങനും
(കഥ)

(അയിഷ മിസ്സ്- 5A)

ഒരിടത്ത് രണ്ട് പൂച്ച കൂട്ടുകാർ ഉണ്ടായിരുന്നു. ഒരു ദിവസം അവർക്ക് ഒരു അപ്പക്കഷണം കിട്ടി. അതു പങ്കുവയ്ക്കാനായി അവർ അത് രണ്ടു കഷണങ്ങളാക്കി മുറിച്ചു. പക്ഷെ അതിൽ ഒരെണ്ണം വലിയ കഷണവും, ഒന്ന് ചെറിയ കഷണവുമായാണ് മുറിഞ്ഞത്. വലിയ കഷണം കിട്ടാനായി അവർ തമ്മിൽ വഴക്കായി. ആ സമയത്താണ് ഒരു കുരങ്ങൻ അതു വഴി വന്നത്. ഞാൻ ഇത് നിങ്ങൾക്ക് തുല്യമായി വീതിച്ചു തരാം എന്ന് കുരങ്ങൻ പറഞ്ഞു. വലിയ അപ്പക്കഷണം ആദ്യം തന്നെ കുരങ്ങൻ കഴിച്ചു. അതിനു പാകമാകാൻ ചെറിയ അപ്പക്കഷണവും കടിച്ചു. അങ്ങനെ കടിച്ചു കടിച്ചു അപ്പക്കഷണം മുഴുവൻ കുരങ്ങൻ അകത്താക്കി. പാവം പൂച്ചകൾ നാണിച്ചു തല താഴ്ത്തി.

ഗുണപാഠം : ആരേയും അന്ധമായി വിശ്വസിച്ച് ഒരു കാര്യവും ഏൽപ്പിക്കരുത്. നിങ്ങളുടെ പ്രശ്നങ്ങൾ നിങ്ങൾ സ്വയം തന്നെ പരിഹരിക്കണം

****

# പ്രകൃതി

AYISHA MISNA_5A

ഇരുളിൽ മറനീക്കി ഉഷസ്സുണരുമ്പോൾ,
നമ്മലുണരുന്നു പുതു പുത്തൻ പുലരിയും
ഓരോ പുലരിയും ഓരോരോ
പ്രതീക്ഷകൾ നൽകിടുന്നു
ഓരോ പ്രതീക്ഷയും
ഓരോരോ വസന്തമായി മാറിടും
ഓരോ വസന്തവും-
പുതു  പുത്തൻ കാഴ്ചകൾ നൽകുന്നു
ഇത്ര സുന്ദരമാം കാഴ്ചകൾ നൽകിടും
എന്നമ്മയെ വണങ്ങുന്നു ഞാനെന്നും
നീയല്ലോ പ്രകൃതിയും അമ്മയും
നീയല്ലോ പ്രപഞ്ചവും സൃഷ്ടിയും

# പൂച്ചകളും കുരങ്ങനും
(കഥ)

(അയിഷ മിസ്ന- 5A)

ഒരിടത്ത് രണ്ട് പൂച്ച കൂട്ടുകാർ ഉണ്ടായിരുന്നു. ഒരു ദിവസം അവർക്ക് ഒരു അപ്പക്കഷണം കിട്ടി. അതു പങ്കുവയ്ക്കാനായി അവർ അത് രണ്ടു കഷണങ്ങളാക്കി മുറിച്ചു. പക്ഷെ അതിൽ ഒരെണ്ണം വലിയ കഷണവും, ഒന്ന് ചെറിയ കഷണവുമായാണ് മുറിഞ്ഞത്. വലിയ കഷണം കിട്ടാനായി അവർ തമ്മിൽ വഴക്കായി. ആ സമയത്താണ് ഒരു കുരങ്ങൻ അതു വഴി വന്നത്. ഞാൻ ഇത് നിങ്ങൾക്ക് തുല്യമായി വീതിച്ചു തരാം എന്ന് കുരങ്ങൻ പറഞ്ഞു. വലിയ അപ്പക്കഷണം ആദ്യം തന്നെ കുരങ്ങൻ കഴിച്ചു. അതിനു പാകമാകാൻ ചെറിയ അപ്പക്കഷണവും കടിച്ചു. അങ്ങനെ കടിച്ചു കടിച്ചു അപ്പക്കഷണം മുഴുവൻ കുരങ്ങൻ അകത്താക്കി. പാവം പൂച്ചകൾ നാണിച്ചു തല താഴ്ത്തി.

ഗുണപാഠം : ആരേയും അന്ധമായി വിശ്വസിച്ച് ഒരു കാര്യവും ഏൽപ്പിക്കരുത്. നിങ്ങളുടെ പ്രശ്നങ്ങൾ നിങ്ങൾ സ്വയം തന്നെ പരിഹരിക്കണം

****

# MOTHER.........SHE IS ENOUGH

ഫാത്തിമ മെഹ്റിൻ. കെ. (5A)

എന്റെ ഉമ്മാ.................. എന്നും രാവിലെ എണീറ്റ് ഞങ്ങളെ കുത്തി പൊന്തിച്ച് എണീപ്പിച്ച് ..... ചായ ഉണ്ടാക്കി........ സ്കൂളിലേക്ക് ഉച്ചഭക്ഷണം റെഡിയാക്കി യൂണിഫോം അയൺ ചെയ്ത് തന്ന്.... ചായ വാരിത്തന്ന് ..... രാവിലെ മൊത്തം ഉമ്മാക്കൊരു ഓട്ടപ്പാച്ചലാണ്. അതിന്റിടക്ക് ഉമ്മാനെ നല്ലമ്പോലെ കാണാനും കൂടെ കിട്ടില്ല. ശരിയല്ലേ ?............... എപ്പോഴെങ്കിലും നമ്മൾ അവരെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ ? രാവിലത്തെ ഓട്ടപ്പാച്ചിലിന്റെ ഇടയ്ക്ക് നമ്മുടെ ഓരോ കാര്യങ്ങളും ഓർത്ത് ചെയ്തു തരും. എന്നാൽ അതിലും കുറ്റം കണ്ടു പിടിച്ച് കുട്ടും നമ്മൾ. രാവിലെ എണീറ്റ് ഉമ്മാന്റെ വായ്യിന്ന് എന്തേലും ഒരു ചീത്ത കേൾക്കണം. അതു കേൾക്കാനായി ഞാൻ പല കുരുത്തക്കേടും ചെയ്യാറുണ്ട്. അതിന്റെ ഫലമായി കിട്ടാറുമുണ്ട്. നമ്മൾ പോയി കഴിഞ്ഞാലും പണി തന്നെ. അടിക്കൽ, തുടയ്ക്കൽ, പാത്രം കഴുകൽ, വസ്ത്രം കഴുകൽ ഒക്കെ. ഇത്രയൊക്കെ ഉണ്ടായിട്ടും ചെയ്തിട്ടും നമ്മൾ ഒറ്റ വാക്കിൽ ഒതുക്കുന്നു. "She is hose wife" അവർ വെറും ഒരു house wife മാത്രമല്ല.............

*****

# കടങ്കഥകൾ

ഫാത്തിമ റിയ. സി.കെ (5D)

1. അമ്മയെ കുത്തി മകൻ മരിച്ചു - തീപ്പെട്ടി
2. അമ്മ കല്ലിലും മുള്ളിലും മകൾ കല്യാണപ്പന്തലിലും - വാഴയും വാഴപ്പഴവും
3. ആയിരം പോലീസിനെ ഒരു ബെൽറ്റിലിട്ടു - ചൂൽ
4. ഒരമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം - കട്ടുറുമ്പ്
5. അരി വെയ്ക്കും മുമ്പേ കറി വയ്ക്കും - ചീര
6. അകം എല്ലും തോലും മുറം പൊന്തം പൊന്തം - വൈക്കോൽ തുറു
7. അടി പാറ, നാട് വടി, തല കാട് - ചേന
8. അച്ഛൻ മുള്ളൻ അമ്മ മിനുമിനാ മേശ മണി മണി - ചേന

## ജീവിതം

സൈനബ റിൻഷ. സി.കെ (8 I)

കൈ എത്തിപ്പിടിക്കാവുന്നത്ര ദൂരത്തിലില്ല. അതിലേക്ക് എത്തിപ്പെടുവാൻ ഏറെ കടമ്പകൾ നാം തരണം ചെയ്യേണ്ടതായി വരുന്നു. ഓരോ പടിക്കെട്ടുകൾ മുന്നോട്ട് വെക്കുമ്പോഴും കാലുകൾ ഇടറുന്നുവോ എന്ന് ശ്രദ്ധിക്കുക. നമ്മുടെ ഒരു അശ്രദ്ധ മതി ഇതു വരെ പടുത്തുയർത്തിയതെല്ലാം ചില്ലു കൊട്ടാരം താഴെ വീഴാൻ. ആരെയും അമിതമായി വിശ്വസിക്കാതിരിക്കുക. അതു നമുക്കു തന്നെ പാരയാകും. നാം അറിയാതെ നമ്മുടെ ജീവിതത്തിലേക്ക് കടന്നു വരുന്നയാളുടെ സാന്നിധ്യം ഒരു സമയം നമുക്ക് ഏറെ സന്തോഷമുണ്ടാക്കും. ഭാവി ജീവിതത്തിൽ അത് ദുഃഖകരമായി ബാധിക്കും. ജീവിതത്തിന്റെ അവസാന ഘട്ടമാണ് മരണം. മരണത്തെ പേടിച്ചു കൊണ്ടുള്ള ജീവിതം മരണത്തിലേക്കു തന്നെ നയിക്കും.

# റിപ്പബ്ലിക്ക് ദിനാഘോഷം



ഈ വർഷത്തെ റിപ്പബ്ലിക്ക് ദിനാഘോഷം വളരെ വിപുലമായി തന്നെ നമ്മുടെ സ്കൂളിലും ആചരിക്കുകയുണ്ടായി. അന്നേ ദിവസം രാവിലെ 9.00 മണിക്ക് പ്രിൻസിപ്പാൾ ഇൻ-ചാർജ്ജ് ശ്രീ. ബിനുകുമാർ സർ പതാക ഉയർത്തുകയും, പി.ടി.എ പ്രസിഡന്റ്, പി.ടി.എ വൈസ് പ്രസിഡന്റ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. തുടർന്ന് കുട്ടികൾ നിരവധിയായ കലാപരിപാടികൾ അവതരിപ്പിച്ചു. അതിനു ശേഷം NCC കുട്ടികളുടെ പാസ്സിംഗ് ഔട്ട് പരേഡ് ഉണ്ടായിരുന്നു. അതിന്റെ മുഖ്യാതിഥിയായി ജോയിന്റ് എക്സൈസ് കമ്മിഷണർ & ഡയറക്ടർ ശ്രീ. ഗോപകുമാർ സാർ പങ്കെടുത്തു.


















# WOMEN'S POWER

(Story)

Jusaina M K (9G)


Once upon a couple was living their like happily. The women's husband had a clothing business. One day suddenly his deteriorated very much and he died. Now calamity had arise in front of the women. She was very depressed about how she would take care of herself and her children. Her husband's shop was closed. She had no idea what to do. One day she courageously went ahead and reopened the shop. She was very cared about how everything would be managed, but gradually everything got better and now she was living happy life again without her husband.



# കൊച്ചു പൂവ്

സഫ്ന. കെ.കെ. 5A

ഇത്തിരിപ്പൂവേ ചുവന്ന പൂവേ,
ഇത്ര നാളെങ്ങു പോയി പൂവേ നീ.
മണ്ണിനടിയിലൊളിച്ചിരുന്നോ?
മറ്റുള്ള പൂക്കളെ കാത്തിരുന്നോ?
വന്നതു നന്നായീ, തെല്ലു നേരം
വല്ലതും പാടിക്കളിക്കു സ്വൈരം
ചെമ്മേറുമീയുടുപ്പാരു തന്നു. ?
ചേച്ചയ്ക്കൊന്നുമ്മ വയ്ക്കാനേ തോന്നൂ.
കാറ്റടിച്ചോ മുത്തേ വീണിടല്ലേ
കാലത്തേ വെയിലേറ്റു വാടിടല്ലേ.



# സമൂഹ മാധ്യമങ്ങളിലെ സ്വാധീനം കുട്ടികളിൽ

വിവേക്. കെ.പി (8A)

സമൂഹ മാധ്യമങ്ങളുടെ സാന്നിധ്യം കുട്ടികളെ വളരെയധികം ആകർഷിച്ചിരിക്കുന്നു. അത് അവർക്ക് വളരെ ദോഷമാണ്. കുട്ടികൾ ഏതു നേരവും ഇൻസ്റ്റഗ്രാമിലും വാട്ട്സാപ്പിലുമാണ് ചെലവഴിക്കുന്നത്. അത് അവരുടെ കണ്ണ്, മനസ്സ്, തലച്ചോറ് എന്നിവയെ ബാധിക്കും. കുട്ടികൾ ഫോണിൽ അകപ്പെട്ടു പോയാൽ അവരുടെ പഠനകാര്യങ്ങളിൽ നിന്നും ശ്രദ്ധ തിരിയുന്നു. ഇത് ലഹരിയിലേക്കും മയക്കു മരുന്നിലേക്കും ശ്രദ്ധ തിരിക്കുന്നതിനും കാരണമാകുന്നു. ഇപ്പോൾ ഫോൺ വഴിയാണ് പഠനമെന്നും പറഞ്ഞ് കുട്ടികൾ അമ്മമാരുടെ കയ്യിൽ നിന്നും ഫോൺ വാങ്ങുന്നു. എന്നിട്ട് ഇൻസ്റ്റഗ്രാമിലും വാട്ട്സാപ്പിലും ചാറ്റ് ചെയ്യുന്നു.

പിന്നെ ഗെയിമുകൾ. ഇപ്പോൾ ഫ്രീ-ഫയർ എന്നു പറയുന്ന ഗെയിമുണ്ട്. അതിനു വേണ്ടി ഉപ്പാന്റേയും ഉമ്മാന്റേയും അക്കൗണ്ടിൽ നിന്നും പൈസ എടുക്കുന്നു. എന്നിട്ട് അതിലെ ഓരോ കാര്യത്തിനും ഉപയോഗിക്കുന്നു. മരണത്തിലേക്കു വരെ ഇത്തരം ഗെയിമുകൾ കുട്ടികളെ എത്തിക്കുന്നു.

ഇപ്പോൾ കുട്ടികൾ പുസ്തക വായന എന്ന ശീലം ഒഴിവാക്കിയിരിക്കുന്നു. എന്നിട്ട് ഫോണിലേക്കു തിരിഞ്ഞിരിക്കുന്നു. സത്യത്തിൽ ഇതിനു കാരണം അമ്മമാർ തന്നെയാണ്. ചെറുപ്പത്തിൽ കുട്ടികൾ കരയുമ്പോൾ കുട്ടികൾക്ക് കളിപ്പാട്ടമാണ് കൊടുത്തിരുന്നത്. ഇപ്പോൾ അമ്മമാർ കുട്ടികൾക്ക് മൊബൈൽ ഫോണാണ് കൊടുക്കുന്നത്. അത് ചെറുപ്പത്തിൽ കയ്യിൽ കൊടുത്താൽ പിന്നെ അവർക്ക് അതു മാത്രം മതി. നമ്മുടെ അച്ഛന്മാർ നമുക്ക് എന്തു പറഞ്ഞാലും വാങ്ങിത്തരും. ഇപ്പോൾ കുട്ടികൾ അച്ഛന്മാരോട് പറയുന്നത് ഒരു മൊബൈൽ ഫോൺ വാങ്ങി നൽകണമെന്നാണ്. അച്ഛന്മാർ കുട്ടികളോടുള്ള സ്നേഹം കൊണ്ട് അതു വാങ്ങി നൽകുകയും ചെയ്യും. പിന്നെ കുട്ടികൾക്ക് അച്ഛനോടും അമ്മയോടും ഒന്നു മിണ്ടുന്നതിനുള്ള സമയം പോലും കിട്ടില്ല. കാരണം സ്കൂൾ വിട്ടു വന്നാൽ പിന്നെ ഏതു നേരവും അവർ മൊബൈൽ ഫോണിനുള്ളിലായിരിക്കും. അങ്ങനെ അവർ പത്താം ക്ലാസ്സിലെത്തിയാൽ അവിടെ തോൽക്കും. എന്നിട്ട് ടൈൽ പണിക്കും പത്രമിടാനുമൊക്കെ പോകേണ്ടി വരും. നിങ്ങൾ ഓർക്കുക. നമ്മുടെ അച്ഛനും അമ്മയും നമുക്കു വാങ്ങിത്തരുന്ന സാധനങ്ങൾക്ക് അവരുടെ അദ്ധ്വാനത്തിന്റെ മണമുണ്ടാകും. നമ്മൾ അത് വിനിയോഗിക്കാൻ പാടില്ല. അതുകൊണ്ട് ആവശ്യത്തിനു മാത്രം ഫോൺ ഉപയോഗിക്കുക. അനാവശ്യത്തിനുപയോഗിക്കരുത്. ദൈവം തന്ന നിധിയാണ് നമ്മുടെ ജീവിതം. അത് നമ്മൾ സന്തോഷത്തോടെ ജീവിക്കുക. മൊബൈൽ ഫോൺ നമ്മുടെ സന്തോഷവും സമാധാനവും തകർക്കുന്നു. അതുകൊണ്ട് വായിച്ച് വളരൂ. നിങ്ങൾ ഉറപ്പായും വിജയത്തിലെത്തും. നിങ്ങൾ ഓർക്കുക. എത്ര തോറ്റാലും ഒരു വിജയം നിങ്ങൾക്കു വേണ്ടി കാത്തിരിപ്പുണ്ട്.

******

# സ്കൂൾ വാർഷികം

## ശ്രീദം






ഈ വർഷത്തെ സ്കൂൾ വാർഷികം 2024 ജനുവരി 24-ാം തീയതി നടത്തുകയുണ്ടായി. നമ്മുടെ വിദ്യാലയത്തിൽ നിന്നും ഈ വർഷം വിരമിക്കുന്ന ശ്രീമതി. ബീന ടീച്ചർ, ശ്രീ. അജയൻ മാഷ്, ശ്രീമതി. ശ്രീജ ടീച്ചർ, ശ്രീ. താജ് മാഷ് എന്നിവർക്കുള്ള യാത്രയയപ്പ് കുടിയായിരുന്നു ഇത്തവണത്തെ സ്കൂൾ വാർഷികം. അന്നേദിവസം രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ചായിരുന്നു പരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിയിൽ ഔദ്യോഗികയോഗത്തിനു ശേഷം കുട്ടികളുടെ വിവിധ കലാവിരുന്നും ഉണ്ടായിരുന്നു.
















# TEAM
# LITTLE KITES

***GHSS KUMARANELLUR***